ജനകീയ പ്രസ്ഥാനങ്ങളുടെ ദേശീയ സഖ്യം (NAPM)

വാർത്ത • വീക്ഷണം • വിശകലനം

# കുടിയിറക്കലിനും പുനരധിവാസത്തിനും മുൻപ്

മേധാ പട്ക്കർ

1. എല്ലാ വൻകിട പദ്ധതികളും സമഗ്രമായ അപഗ്രഥനത്തിന് ( Holistic appraisal) വിധേയമാക്കണം. 'പൊതു താല്പര്യ'മുൾപ്പടെ പദ്ധതികളുടെ എല്ലാവശങ്ങളേയും കുറിച്ച് പരിശോധിക്കാൻ പദ്ധതി ബാധിക്കാനിടയുള്ള ജനങ്ങളെ അനുവദിക്കണം. ആരെയും കുടിയൊഴിപ്പിക്കാതെയോ വളരെ കുറച്ചു മാത്രം കുടിയിറക്കിയോ പദ്ധതിയുടെ എല്ലാ ലക്ഷ്യങ്ങളും കൈവരിക്കാനുള്ള സാധ്യതകളും ആരായണം. സാമൂഹ്യ വിലയിരുത്തലുകൾ നിയമപരമാക്കണം.

2. ഭൂമി ഏറ്റെടുക്കലിന് പുറകിലുള്ള 'പൊതു താല്പര്യ'മെന്ന അവകാശവാദത്തെ ചോദ്യം ചെയ്യാൻ പദ്ധതി ബാധിത ജനങ്ങൾക്കും ജനകീയ സംഘടനകൾക്കും നിയമപരമായ അവകാശമുണ്ടായിരിക്കണം. പദ്ധതിയെ സംബന്ധിച്ച് എല്ലാ വിവരങ്ങളും റിക്കോർഡുകളും അവർക്ക് ലഭ്യമായിരിക്കണം.

3. കുടിയിറക്കലും ജീവനോപാധികളുടെ നാശവും ഉണ്ടാകുന്ന ഏത് പദ്ധതിയും അംഗീകരിക്കുന്നതിനു മുൻപ് അവ ബാധിക്കുന്ന സമൂഹങ്ങളുടെ മുൻകൂട്ടിയുള്ള അറിവോടു കൂടിയ സമ്മതം വാങ്ങിയിരിക്കണം. 'അപൂർവ്വങ്ങളിൽ അപൂർവ്വ'മായ കേസുകളിൽ മാത്രമേ ബലം പ്രയോഗിച്ചുള്ള കുടിയിറക്കൽ അനുവദിക്കാവൂ.

4. കുടിയിറക്കൽ ഒട്ടും തന്നെ ആവശ്യമില്ലാത്ത അല്ലെങ്കിൽ കുറച്ചു മാത്രം കുടിയിറക്കേണ്ടി വരുന്ന ബദലുകൾ പരിശോധിച്ചുവെന്നും ഏറ്റവും കുറച്ചാളുകളെ മാത്രമെ കുടിയിറക്കിയിട്ടുള്ളൂവെന്നും ഉറപ്പാക്കണം.

5. എല്ലാ പുനരധിവാസ പ്ലാനുകളിലും (R & R) ഭൂമിയ്ക്കു പകരം ഭൂമി എന്ന തത്ത്വം പാലിക്കപ്പെട്ടിരിക്കണം. അതായത് ഭൂമി നഷ്ടമായ എല്ലാവർക്കും നഷ്ടപരിഹാരമായി പകരം ഭൂമി സ്വായത്തമാക്കാനുള്ള അവസരം നൽകണം.

6. നഷ്ടപരിഹാരം കണക്കാക്കുമ്പോൾ ഭൂമിയുടെ കൈമാറ്റമൂല്യം കർശനമായും കമ്പോള വിലയിൽ തന്നെ കണക്കാക്കണം.

7. നഷ്ടപ്പെടുന്ന വസ്തുവിന്റെയും സ്ഥാവര ജംഗമ വസ്തുക്കളുടെയും നഷ്ടപരിഹാരം കണക്കാക്കുന്നതിനോടൊപ്പം നഷ്ടപ്പെടുന്ന ജീവനോപാധികൾക്കും നഷ്ടമാകുന്ന അവസരങ്ങൾക്കും ഭൂമി ഏറ്റെടുക്കുന്ന അതോറിട്ടി നഷ്ടപരിഹാരം നൽകണം. പദ്ധതി മൂലം നഷ്ടപ്പെടുന്ന പൊതു സൗകര്യങ്ങൾക്കും പൊതുമുതലിനും മതിയായ നഷ്ടപരിഹാരം കണക്കാക്കണം.

8. പദ്ധതിക്കായി ബന്ധപ്പെട്ട ഏതെങ്കിലും പ്രവർത്തനമോ പണിയോ ബാധിക്കുന്ന എല്ലാവരെയും പദ്ധതിബാധിതരായി പരിഗണിക്കണം. തങ്ങളുടെ വീടുകളിൽ നിന്നോ ജീവനോപാധികളിൽ നിന്നോ പുറന്തള്ളപ്പെട്ടവർക്കും അതല്ലെങ്കിൽ പൊതുവായിട്ടുള്ള പ്രകൃതി വിഭവങ്ങളിന്മേലുള്ള പ്രാപ്യത (Access) നഷ്ടപ്പെട്ട വ്യക്തികൾക്കും കുടുംബങ്ങൾക്കും സമൂഹങ്ങൾക്കും ഈ നയം ബാധകമായിരിക്കും.

9. പുനരധിവാസ മേഖലയും ഭൂമിയും തിരഞ്ഞെടുക്കുന്ന പ്രക്രിയയിൽ പദ്ധതി ബാധിതരുടെ പങ്കാളിത്തം ഉറപ്പുവരുത്തുകയും അവസാന തീരുമാനത്തിനു മുൻപ് അവരുടെ സമ്മതം നിർബന്ധമാകുകയും വേണം.

10. പുനരധിവാസ പ്രക്രിയയ്ക്ക് ഉള്ള സമയക്രമം സംവേദനക്ഷമതയോടെ തീരുമാനിക്കുകയും ജനങ്ങൾക്ക് പുതിയ പരിസരവുമായും ജീവിത ശൈലിയുമായും ഇണങ്ങിച്ചേരുവാൻ ആവശ്യത്തിന് സമയം നൽകുകയും വേണം. തങ്ങളുടെ പൂർവ്വിക ഭവനങ്ങളിൽ താമസിച്ചു കൊണ്ടു തന്നെ പുനരധിവാസ ഭൂമിയിൽ കൃഷി ചെയ്യുന്നതിനും പരിചരിക്കുന്നതിനും കുറഞ്ഞത് കുടിയിറക്കലിന് രണ്ടു വർഷം മുമ്പ് തന്നെയെങ്കിലും പദ്ധതി ബാധിതർക്ക് ഭൂമി നൽകുവാൻ നിയമമുണ്ടാകണം.

11. മുഴുവൻ നഷ്ടപരിഹാരവും വിതരണം ചെയ്യുന്നതിനു മുൻപോ പൂർണ്ണമായ പുനരധിവാസ പാക്കേജ് മുഴുവനായി നടപ്പിലാക്കുന്നതിനു മുൻപോ പുനരധിവാസ സ്ഥലം എല്ലാ അർത്ഥത്തിലും (കുടിയിറക്കലിന് ഒരു വർഷത്തിനു മുൻപേ) ഒരുക്കുന്നതിനു മുൻപോ ആരെയും കുടിയൊഴിപ്പിക്കരുത്.

12. ജനങ്ങൾ തങ്ങളുടെ ഭവനങ്ങളിൽ നിന്നും കൃഷിയിടങ്ങളിൽ നിന്നും മാറാൻ തയ്യാറാവുന്നില്ലെങ്കിൽ പുനരധിവാസ പാക്കേജിന് പോരായ്മകളുണ്ടെന്നും കുടിയിറക്കപ്പെടുന്നവരുടെ പുനരധിവാസ നടപടികളെടുക്കുന്നതിൽ വീഴ്ചകളുണ്ടെന്നും കരുതേണ്ടതുണ്ട്. ഇതിനെ പുനരധിവാസ പ്രക്രിയയുടെ പരാജയമായി കാണണം.

13. കഴിയുന്നിടത്തോളം കുടിയിറക്കപ്പെടുന്ന ജനങ്ങളെ ഒരുമിച്ച് കഴിയാനനുവദിക്കണം.

14. നഷ്ടപരിഹാരത്തിനു പുറമെ പദ്ധതി ചിലവിന്റെ 10 ശതമാനമെങ്കിലും പുനരധിവാസത്തിനായി ചെലവഴിക്കണം.

15. പദ്ധതിയുടെ ഷെയറുകൾ ഭൂരിയാകമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലായിരിക്കണം വിതരണം ചെയ്യേണ്ടത്. ഖനനത്തിന്റെയും മറ്റ് വ്യവസായങ്ങളുടെയും 50% ഷെയർ പദ്ധതി ബാധിതസമൂഹങ്ങൾക്കും 10% നേരിട്ടു ബാധിച്ച ജനങ്ങൾക്കും 10% തൊഴിലാളികൾക്കും വിതരണം ചെയ്യണമെന്നാണ് റിപ്പോർട്ട് അനുശാസിക്കുന്നത്.